# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7007

11.07.2014 ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എത്ര സ്കൂളുകളെയാണ് സർക്കാർ ഏറ്റെടുത്തത്; | (എ) | 104 സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | ഏറ്റെറ്റുത്ത സ്കൂളുകളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുണ്ടായിരുന്ന സ്കൂളുകളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതു തന്നെയാണ്. എന്നാൽ സേവന വ്യവസ്ഥകൾ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല. |
| (സി) | സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറുന്നതുപോലെ പ്രസ്തുത ജീവനക്കാരുടെ ബില്ലുകളും മാറുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബില്ലുകൾ ട്രഷറിയിൽ നിന്നും തന്നെയാണ് മാറുന്നത്. എന്നാൽ ഹെഡ്മാസ്റ്റർമാർക്ക് സ്വന്തമായി നേരിട്ട് ബില്ല് മാറുവാനുള്ള അധികാരം സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ